(ബി) 2005 ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിനായി ആവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ താഴെപ്പറയുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചാണ്:

1. കൊല്ലം കോ-ഓപ്പറേറ്റീവ് മോട്ടോർ സർവ്വീസ് (കോമോസ്), കൊല്ലം.
2. നെടുമുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2331, ആലപ്പുഴ.
3. ചമ്പക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1256, ആലപ്പുഴ.
4. തൃക്കുന്നപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 855, ആലപ്പുഴ.
5. കുട്ടമശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 766, എറണാകുളം.
6. കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 583, എറണാകുളം.
7. കൊണ്ടോട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 1937, മലപ്പുറം.
8. വയനാട് മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, വയനാട്.

(സി) ലഭിച്ച എല്ലാ പരാതികളിന്മേലും അന്വേഷണം നടത്താൻ സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്ന് വിതരണം ചെയ്യപ്പെടുന്ന വായ്പ

100 [565] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും ഇതര സഹകരണ ബാങ്കുകൾക്കും കാർഷിക വായ്പ ഇനത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും ഇതര ധനകാര്യ ഏജൻസികളും കഴിഞ്ഞ നാലു വർഷം എത്ര കോടി രൂപവീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്ന് അംഗങ്ങൾക്ക് വിതരണം ചെയ്യപ്പെടുന്ന കാർഷികവായ്പ യഥാക്രമം എത്ര കോടി രൂപയാണെന്നറിയിക്കാമോ;

(സി) പ്രാഥമിക കാർഷികസംഘങ്ങൾ കൃഷിവായ്പയ്ക്കായുള്ള ധനസഹായം ഓർഡിനറി ലോണുകളായി വകമാറ്റി ചെലവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭക്ഷ്യവിള കർഷകർക്കും ദരിദ്ര കർഷകർക്കും ഉദാരമായ നിരക്കിൽ വായ്പ നൽകാൻ പ്രത്യേക നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹ്രസ്വകാല/ദീർഘകാല കാർഷികവായ്പകൾ വിതരണം ചെയ്യുന്നതിന് "നബാർഡിൽ"നിന്നും കഴിഞ്ഞ നാല് വർഷം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

	2001-2002	..	321.78 കോടി
	2002-2003	..	270.87 കോടി
	2003-2004	..	240.83 കോടി
	2004-2005	..	417.53 കോടി
(ബി)	2001-2002	..	1865.01 കോടി
	2002-2003	..	2137.21 കോടി
	2003-2004	..	2261.73 കോടി
	2004-2005	..	2253.00 കോടി

(താൽക്കാലിക കണക്കുകൾപ്രകാരം)

(സി) ഇല്ല.

(ഡി) ഇപ്പോൾത്തന്നെ ഉദാരമായ വ്യവസ്ഥയിലും പലിശനിരക്കിലുമാണ് വായ്പ നൽകിവരുന്നത്.

സഹകരണ സ്ഥാപനങ്ങൾക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

101 [566] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" *വി. ജെ. പൗലോസ്:*
" *കെ. മോഹൻ കുമാർ:*
" *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2005-ലെ കണക്കനുസരിച്ച് സഹകരണ സംഘങ്ങളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും കൊടുത്തിട്ടുള്ളതും അവയ്ക്ക് പിരിഞ്ഞു കിട്ടാനുള്ളതുമായ വായ്പ തുക എത്രയാണ്;

(ബി) ഇതിൽ കർഷകരിൽ നിന്ന് കിട്ടാനുള്ള തുക എത്രയാണ്;

(സി) എത്ര വായ്പകളിലായാണ് കർഷകരിൽനിന്ന് ഇത്രയും തുക കിട്ടാനുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly